**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3074** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഏറനാട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ഏറനാട് മണ്ഡലത്തിലെ എല്ലാ റോഡുകളും വിവിധ പദ്ധതികളിലായി കുഴികൾ അടച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബഡ്ജറ്റ്, Non-Plan, SLTE, Running Contract പ്രവൃത്തികളിൽ ഉൾപ്പെടുത്തി റോഡുകൾ പുതുക്കി പണിതോ, അറ്റകുറ്റപ്പണി ചെയ്തോ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പി.ഡബ്ല്യു.ഡി റോഡുകളുടെ പ്രവൃത്തികൾക്കാണ് പ്ലാൻ ഫണ്ടിൽ നിന്നും മറ്റ് ഫണ്ടുകളിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇപ്പോൾ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ; | (സി) | പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ അനുവദിച്ച പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. അവ കൂടാതെ നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ മൊറയൂർ - എടപ്പറമ്പ് -കിഴിശ്ശേരി 4/050 - 6/200, അരീക്കോട് - എം.എസ്.പി ക്യാംപ് റോഡ് (0/000 – 0/800), കുന്നിക്കൽ - വളയക്കോട് റോഡ് (0/000 - 0/860), തറയിട്ടാൽ- കാക്കത്തോട്- കാവനൂർ റോഡ് (0/000 - 1/500), വടക്കുമുറി- തോട്ടുമുക്കം റോഡ് (0/000 -1/800), പൂക്കോട്ടുചോല – മാതക്കോട് - പുളിയക്കോട് റോഡ് (0/000 -2/100), കാവനൂർ - വടക്കുമല - കാരപ്പറമ്പ് റോഡ് (3/700 -7/000) എന്നീ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്-1 പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. |
| (ഡി) | 2023 ൽ ഏറനാട് നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ഡി) | 2023-ൽ ഏറനാട് നിയോജക മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ